(ഡി) വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ട് പ്രവർത്തിപ്പിക്കാത്ത സ്ഥാപനങ്ങൾ എത്രയെന്ന് വെളിപ്പെടുത്തുമോ?

വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ട് 32 എണ്ണം നിലവിൽ പ്രവർത്തിക്കുന്നില്ല.

ഭക്ഷ്യ സംസ്കരണ വ്യവസായം

169 (554) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സംസ്കരണ വ്യവസായവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വിപുലമായ സാദ്ധ്യതകളാണ് നിലവിലുള്ളതെന്നതിനാൽ ഇത് ഫലപ്രദമായി നവസംരംഭകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഭക്ഷ്യ സംസ്കരണ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ ഭക്ഷ്യസംസ്കരണം നടത്തി വിപണിയിൽ എത്തിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് അറിയിക്കുമോ?

കേരളത്തിലും പുറത്തും പ്രവർത്തിച്ചുവരുന്ന വിവിധ ഭക്ഷ്യ സംസ്കരണ ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെയും വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേനയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (KIED) മുഖേനയും വിവിധ പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. ഈ ഗവേഷണ സ്ഥാപനങ്ങളിലെ ഇൻകുബേഷൻ സൗകര്യം ഫലപ്രദമായി ഉപയോഗിക്കാനുള്ള സഹായം സംരംഭകർക്ക് നൽകി വരുന്നുണ്ട്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കിംഗ് ചെന്നൈ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക്ക് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി മുതലായ സ്ഥാപനങ്ങളുമായി ചേർന്ന് നൂതന പാക്കിംഗ്, ബ്രാൻഡിംഗ് തുടങ്ങിയവ ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭകർക്ക് പരിചയപ്പെടുത്തുന്നു. ഇതുകൂടാതെ പാക്കിംഗ്, സംസ്കരണം മുതലായ മേഖലകളിലെ നൂതന യന്ത്രങ്ങൾ പരിചയപ്പെടുത്താൻ സംസ്ഥാന തലത്തിൽ മെഷീനറി എക്സ്പോ നടത്തിവരുന്നു. ഇതിന് പുറമേ ജില്ലകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യാനായി എം.എസ്.എം.ഇ. എക്സിബിഷനും സംസ്ഥാന തലത്തിൽ ഭക്ഷ്യ സംസ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ ഉല്പ്പന്നങ്ങളുടെ പ്രദർശന വിപണനത്തിനായി അഗ്രോ ഫുഡ് പ്രോ എക്സിബിഷനും നടത്തി വരുന്നു. ഉൽപ്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് മേൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS)-യും സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതിയും നടപ്പിലാക്കി വരുന്നു. എറണാകുളം കളമശ്ശേരിയിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) നടത്തുന്ന എഐസ് പദ്ധതി വഴി ഭക്ഷ്യ സംസ്കരണത്തിലെ വിവിധ മേഖലകളിൽ സംരംഭകർക്ക് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും നിലവിലുള്ള സംരംഭകരെ നൂതന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിന് സഹായിക്കുന്നതിന് ടെക്നോളജി ക്ലിനിക്കുകൾ സംഘടിപ്പിക്കുന്നു.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ വ്യവസായ സംരംഭം

170 (555) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിൽ പുതുതായി വ്യവസായ സംരംഭം തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ അനന്തപുരം വ്യവസായ എസ്റ്റേറ്റിൽ പുതുതായി 27 സംരംഭങ്ങൾ തുടങ്ങുന്നതിന് 3261 സെന്റ് ഭൂമി അനുവദിച്ചുനൽകിയിട്ടുണ്ട്. ഓരോ സംരംഭത്തിനും അനുവദിച്ചു നൽകിയ ഭൂമിയുടെ അളവ്, യൂണിറ്റിന്റെ പേരും പദ്ധതിയും, ആകെ നിക്ഷേപം, പ്രതീക്ഷിക്കുന്ന തൊഴിലവസരം എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത സംരംഭം യാഥാർത്ഥ്യമാകുകയാണെങ്കിൽ ലഭ്യമാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ; ഇത് മുഖേന എത്രപേർക്ക് തൊഴിൽ ലഭ്യമാക്കുമെന്നും വിശദമാക്കാമോ?

പ്രസ്തുത സംരംഭങ്ങളിലൂടെ ജില്ലയിലെ വ്യവസായ മേഖലയിൽ 8688 ലക്ഷം രൂപയുടെ മുതൽമുടക്കും 527 പേർക്ക് തൊഴിൽ സാധ്യതയും പ്രതീക്ഷിക്കുന്നു.

(സി) മഞ്ചേശ്വരം മണ്ഡലത്തിലെ അനന്തപുരം വ്യവസായ പാർക്കിൽ പുതുതായി ഏതെങ്കിലും സംരംഭമോ അടിസ്ഥാന വികസന പ്രവർത്തനങ്ങളോ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

അനന്തപുരം വ്യവസായ എസ്റ്റേറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിലുൾപ്പെടുത്തി 335 ലക്ഷം രൂപ വകയിരുത്തി ചുറ്റുമതിൽ നിർമ്മാണം പുരോഗമിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly